19

# യേശുവിന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ച

**1. ബേഥാന്യയിലെ അഭിഷേകം** (മത്താ. 26:6–13; മർക്കൊസ് 14:1–11; യോഹന്നാൻ 12:1–8). – യേശു ബെഥാന്യയിൽ എത്തിയത് വെള്ളിയാഴ്ച്ച രാത്രിയായിരുന്നു. പെസഹ ആഘോഷിക്കുവാൻ തീർത്ഥാടകരായി പോയിക്കൊിരുന്ന കൂട്ടത്തിന് അവൻ ശ്രദ്ധാകേന്ദ്രമായിരിക്കണം. അവർ നഗരത്തിൽ വന്ന് സ്നേഹിതന്മാരുമായി ചേർന്ന് താമസിക്കുവാനോ അല്ലെങ്കിൽ ഒലിവു മലയുടെ ചരിവിലോ, കെദ്രോൻ താഴ്വരയിലോ താമസിക്കുവാൻ ആരംഭിച്ചു, അവനോ നന്നായി-അറിയപ്പെടുന്ന ബേഥാന്യയിലേക്ക് പോയി. എല്ലായ്പ്പോഴും അതിഥിയായി സ്വീകരിക്കാറുള്ള സ്ഥലത്ത്, അവനിപ്പോൾ ലഭിക്കുന്നത് മൂന്നാമത്തെ സ്വാഗതം ആയിരിക്കും. ശബ്ബത്ത് വിശ്രമത്തോടുകൂടെ കടന്നുപോകും; എന്നാൽ അന്നുരാത്രി, കുഷ്ഠരോഗിയായിരുന്ന ശീമോന്റെ വീട്ടിൽ അവന്ന് ഒരത്താഴ വിരുന്നൊരുക്കി. മറിയയും, മാർത്തയും, വീും ജീവിപ്പിക്കപ്പെട്ട ലാസറും അവിടെ ഉായിരുന്നു, ഓരോരുത്തർക്കും പുതുക്കമുള്ള കൂട്ടായ്മ ലഭിക്കുകയും, അവന്റെ സാന്നിദ്ധ്യത്തിൽ അവർ കൂടുതൽ സന്തോഷിക്കുകയും ചെയ്തു. എന്നാൽ ഒരാൾ തന്റെ നന്ദി പ്രവർത്തിയാൽ പ്രകടിപ്പിക്കയോ അല്ലെങ്കിൽ പൊതുവായി കാണിക്കയോ ചെയ്തില്ല. കർത്താവിന്റെ മുഖം നോക്കി, അവന്റെ കൃപ നിറഞ്ഞ വാക്കുകൾ ശ്രദ്ധിച്ച് കൂടുതൽ കാത്തിരിക്കുവാൻ അവർക്കു കഴിഞ്ഞില്ല, അവർ എഴുന്നേറ്റു, പിന്നെ, വിലകൂടിയ തൈലമെടുത്ത്, ആദ്യം അവന്റെ തലയിൽ ഒഴിക്കുകയും, പിന്നെ കാലിൽ ഒഴിക്കുകയും അവൻ കാൽ മേശമേൽ വച്ചിരിക്കുമ്പോഴായിരുന്നു അത്. മോശമായ ആത്മാക്കൾ അന്നു ചെയ്തതുപോലെ, ഇപ്പോഴും, വിമർശിച്ചുകൊ് അതു "പാഴ്ച്ചെലവ്'' എന്നു പറഞ്ഞു; എന്നാൽ യേശുവിനെ സംബന്ധിച്ച് ആ സ്നേഹപ്രകടനം വളരെ വിലപിടിപ്പുള്ളതായിരുന്നു. "അവളെ തനിയെ വിടുക; അവൾക്ക് ചെയ്വാൻ കഴിഞ്ഞത് അവൾ ചെയ്യട്ടെ; എന്റെ ശവസംസ്കാരത്തിനു മുൻപായി ശരീരത്തെ അവൾ അഭിഷേകം ചെയ്തതാണ്."[1]

**2. ഞായറാഴ്ച്ച: വിജയകരമായ പ്രവേശനം** (മത്താ. 21:1–17). – പെസഹയുടെ ആ ആഴ്ച്ചയിൽ യെരുശലേമിൽ പാലസ്തീന്റെ എല്ലാ ഭാഗങ്ങളിൽനിന്നും സാമ്രാജ്യത്തിന്റെ അറ്റത്തുനിന്നും വന്നവരായ അപരിചിതരെക്കൊു നിറയും, അവർ അധികവും, യേശുവിനെകുറിച്ചു കേട്ടിട്ടു്. പെറിയൻ ശുശ്രൂഷയുടെ ഫലവും ലാസറിനെ ഉയർപ്പിച്ച ശ്രുതിയും പുതിയ പ്രചാരത്തിനു ഒരുവശത്തു വഴി ഒരുക്കിയപ്പോൾ, മറുവശത്തു വിദ്വേഷ ജ്വാലയും ഉയർന്നു. അവസാനം അടുത്തിരിക്കുന്നു; അതുകൊു യേശു ഒഴിച്ചുകൂടാനാവാത്ത എതിർപ്പുകളിൽനിന്ന് ഒഴിഞ്ഞുമാറാതെ, പരസ്യമായി തന്നെ മിശിഹാത്വത്തെ പ്രദർശിപ്പിച്ചു. യുദ്ധത്തിനുള്ള കുതിരക്കു പകരം, സമാധാന ചിഹ്നമായ, ഒരു കഴുതയെയാണ്, അവൻ തന്റെ വാഴ്ച്ചക്കുള്ള യാത്രാവാഹനമായി തിരഞ്ഞെടുത്തത്. അവൻ ഒലിവു മലയിലെത്തിയപ്പോൾ, നഗ

രത്തിൽനിന്നുള്ള പുരുഷാരം ബേഥാന്യയിൽനിന്നു അവനോടൊപ്പം വന്ന പുരുഷാരത്തെ കുമുട്ടി; പിന്നെ, ഹോശന്നാ എന്നാർത്ത് വിജയപ്രകടനം നടത്തി, അവനെ അവർ യെരുശലേമിലേക്കു നയിച്ചു. പട്ടണം മുഴുവൻ, എതിർപ്പുവികാരവുമായി ഇളകിമറിഞ്ഞു. അതു തികച്ചും ദേശിയ പ്രദക്ഷിണമായിരുന്നു; ഒലിവുമലയിൽനിന്നു, യെരുശലേമിനെ നോക്കി, തുറന്നു വിമർശിച്ചു അവൻ ഒരിക്കൽ കരഞ്ഞതാണ്. എന്തായാലും, അവളും, കൂടെ, അവളുടെ കർത്താവിനെ സ്വീകരിച്ചോ? എന്നു ചോദിക്കാതിരിപ്പാൻ നമുക്ക് നിർവ്വാഹമില്ല. നമുക്ക് അതിനു ഉത്തരം നല്കുവാൻ കഴിയുകയില്ല. തള്ളിക്കളയൽ അന്തിമമായിരുന്നു എന്നു മാത്രം നമുക്കറിയാം. താൽപര്യമുള്ള ശിഷ്യന്മാർ തികച്ചും നിരാശരായി തീർന്നു; അവരുടെ പ്രതീക്ഷയനുസരിച്ചുള്ള മശിഹയായിട്ടല്ല അവനെ പ്രദർശിപ്പിച്ചത്; അവൻ ആലയത്തിൽ എല്ലാം വെറുതെ ഒന്നെത്തിനോക്കിയിട്ട്, ബേഥാന്യയിലേക്കു തിരിച്ചു പോയി.

**3. തിങ്കൾ: കായ്ക്കാത്ത അത്തി വൃക്ഷം; ദൈവാലയത്തിലെ രാമത്തെ ശുദ്ധീകരണം** (മത്താ. 21:12, 13, 18, 19; മർക്കൊസ് 11:12–18). – യേശു പട്ടണത്തിലേക്കു മടങ്ങിയപ്പോൾ ചെയ്ത ഒരു പ്രവൃത്തിയിൽ അത്ഭുതവും ഉപമയും ഉൾപ്പെട്ടിരുന്നു. അസാധാരണ ഫലരാഹിത്യത്തിനു, പച്ചിലത്തഴപ്പിൽ അഭിമാനിച്ചിരിക്കയായിരുന്നു, ഫലം പുറപ്പെടുവിക്കാത്ത അത്തി. യേശുവിന്റെ ഒരു വാക്കിനാൽ അതു ഉണങ്ങിപോയി: വ്യാജമായ നഗരത്തിനും, വ്യാജമായ ജീവിതത്തിനും, ഭാവി നാശമാണ് വരുവാനിരിക്കുന്നതെന്ന യോജിക്കുന്ന അടയാളം ആയിരുന്നു അത്. കടന്നു പോകുമ്പോൾ, യേശു ദൈവാലയത്തിൽ പ്രവേശിച്ചു. ഞായറാഴ്ച്ചയിലെ ഒരു കൂട്ടം നിരീക്ഷണങ്ങൾക്കു ശേഷം, അവൻ വീും വന്നു ആദ്യത്തെ പെസഹയിൽ ചെയ്തതുപോലെ അതിനെ ശുദ്ധീകരിച്ചു. യോഹന്നാൻ രസകരമായ ഒരു സംഭവം നമുക്കായി സൂക്ഷിച്ചിരിക്കുന്നു (യോഹന്നാൻ 12:20–33) യവനദേശത്തെ താലന്തുള്ള ചില പ്രതിനിധികളായ ഫിലിപ്പൊസും അന്ത്രെയൊസും അവിടേക്കു യേശുവിനെ കൊുവന്നു. തന്നെ ക്രൂശിലേറ്റുമ്പോൾ, സകല വംശങ്ങളും, തന്നിലേക്ക് ആകർഷിക്കപ്പെടും എന്ന് അവൻ മുൻകിരുന്നു. അവന്റെ ആത്മാവു യാഗത്തിൽനിന്നു ചുരുങ്ങിയിരുന്നു; എന്നാൽ "കോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അതു അങ്ങനെ തന്നെ ഇരിക്കും."[2] അതുകൊു, തന്റെ രാജ്യസ്വഭാവത്തിനായി, എല്ലാ അവസരങ്ങളും യേശു പിടിച്ചടക്കി. അവനു, വേണമെങ്കിൽ, ഒരു ദിവസത്തെ വിപ്ലവംകൊു, ഭൂമിയിൽ ഒരു ഭൗതിക രാജ്യം സ്ഥാപിക്കുവാനും രൂപപ്പെടുത്തുവാനും[3] കഴിയുമായിരുന്നു; എന്നാൽ ആ ചോദ്യത്തിനു പുതന്നെ അവൻ ഉത്തരം നല്കിയിരുന്നു. ക്രൂശിന്റെ വഴിയിലൂടെയാണ് മനുഷ്യന്റേയും അവന്റേയും കിരീടം വരുന്നത്.

**4. ചൊവ്വ: ചോദ്യങ്ങളുടെ ദിവസം** (മത്താ. 21:23–25:46). – യേശുവിന്റെ പരസ്യശുശ്രൂഷയിലെ ഏറ്റവും വലുതും അവസാനത്തേതുമായ ദിവസത്തിലാണ് നാം എത്തിയിരിക്കുന്നത്. ആളുകളുടെ മുമ്പിൽ അവനെ അവമതിക്കുന്നതിനു തയ്യാറാക്കിയ ഒരു കൂട്ടം ചോദ്യങ്ങളുമായാണ് ആ ദിവസം ആരംഭിക്കുന്നത്: (1) ന്യായാധിപസഭയിലെ ഒരു കമ്മിറ്റി അവന്റെ അധികാരത്തെ ചോദ്യം ചെയ്തു; (2) പരീശന്മാരുടെ ചോദ്യം നികുതി കൊടുക്കുന്നതിനെ കുറിച്ചായിരുന്നു; (3) സദൂക്യർ പുനരുത്ഥാനത്തെ കുറിച്ചു ചോദിച്ചു; (4) ഏറ്റവും വലിയ കല്പനയെകുറിച്ച്, പരീശന്മാർ, വീും ചോദിച്ചു;

(5) യേശുവിനെകുറിച്ച് അവൻ ക്രിസ്തുവാണോ എന്നു ചോദിച്ചു. യേശു അതിനെല്ലാം തന്റെ മൂന്നാമത്തെ ഒരുകൂട്ടം ഉപമകളിലൂടെ ഉത്തരം പറഞ്ഞു, അതായതു രു പുത്രന്മാർ, ദുഷ്ടരായ കൃഷിക്കാർ, രാജാവിന്റെ മകന്റെ വിവാഹം എന്നിവയാണ് അവ. പിന്നെ, അവൻ വിരോധികൾക്കു നേരെ തിരിഞ്ഞു, "ആയുഷ്ക്കാലം മുഴുവൻ നീറ്-നില്ക്കുന്ന വിമർശനം" തൊടു ത്തുവിട്ടു. "*കപടഭക്തിക്കാരായ* പരീശന്മാരും സദൂക്യരും ആയുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം"[4] എന്ന ഏഴു മടങ്ങ് മിന്നൽ പിണരുകൾ അവൻ അവരിൽ അടിക്കുന്നു്. അത് യോഗ്യമായിരുന്നു; എന്നാൽ അത് മാരക മാണെന്ന് യേശുവിന്ന് അറിയാമായിരുന്നു. അതുകൊ് അവൻ ഒരു കരു ണയും പ്രതീക്ഷിച്ചില്ല. യേശു ദേവാലയം വിട്ടു എന്നേക്കുമായി പോയ പ്പോൾ, വിധവയുടെ രുവെള്ളിക്കാശിനെ കുറിച്ച് പ്രതിപാദിച്ചതാണ്, അവ സാനത്തെ സംഭവം. മഹത്തായ ശിക്ഷാവിധിക്കു തൊട്ടുമുൻപുള്ള, ആ മനോഹരസംഭവം, ഹിമപ്പരപ്പിലെ വയലറ്റ് നിറമുള്ള സ്പ്രിങ്ങ് പോലെ തോന്നുന്നു.

പന്തിരുവരുമായി പോയി, അവൻ ഒലിവുമലയുടെ ചരിവിൽ, നഗര ദേവാ ലയത്തെ നോക്കി ഇരുന്നു. അവിടെ, ദേവാലയ കല്ലുകളെ കുറിച്ചുള്ള ശിഷ്യന്മാരുടെ അഭിപ്രായത്തിന് പ്രതികരണമായും, രാം വരവിനെ കുറിച്ചുള്ള ചോദ്യത്തിനുത്തരമായും അവൻ യെരുശലേം നാശത്തെ കുറിച്ചും അവന്റെ രാം വരവിനെ കുറിച്ചും, ഒരു പ്രസംഗം നടത്തി. ആ പാഠങ്ങളിലെല്ലാം അടങ്ങിയിരുന്നത്, "ശ്രദ്ധിക്കുക; ഒരുങ്ങിയിരിക്കുക; അവസരം തക്കത്തിൽ ഉപയോഗിക്കുക." അത് പത്തു കന്യകമാരുടെയും താലന്തുകളുടെയും ഉപ മകളിൽ വ്യക്തമാക്കിയിരുന്നു. പിന്നെ ഭയഭക്തിപൂ് ന്യായവിധിയുടെ സ്വ ഭാവരംഗം നല്കിയത് മത്തായി 25-ൽ രേഖപ്പെടുത്തിയിട്ടു്.

അങ്ങനെ യേശുവിന്റെ പരസ്യശുശ്രൂഷയിലെ ഏറ്റവും വലിയ ദിവസ ത്തിന്റെ അവസാനം അടുത്തിരിക്കുന്നു, അത് നിറച്ചും വിവിധങ്ങളായ, സംഭ വങ്ങളും ഉപദേശവും അടങ്ങുന്നതാണ്. ഏതാനും നിമിഷം ശിഷ്യന്മാരോ ടുകൂടെ നടന്നശേഷം, ഒരിക്കൽ കൂടെ ബേഥാന്യയുടെ പ്രാന്തപ്രദേശത്ത് യേശു വിശ്രമിച്ചു.

എന്നാൽ അവരുടെ ശത്രുക്കൾ; അന്ന് അവരോടടുത്ത് ആയിരുന്നില്ല. ഒരു രഹസ്യയോഗത്തിൽ, ആദ്യം, അവൻ മരിക്കണമെന്ന് അവർ തീരുമാ നിച്ചു, പിന്നെ, രാമത്, അവന്റെ മരണം പെരുന്നാളിനിടയിൽ ആകരുത് എന്നും തീരുമാനിച്ചു; കാരണം, ഭീരുത്വമുള്ള കാപട്യക്കാരായിരുന്നു അവർ, സ്നേഹിതരായ ജനക്കൂട്ടത്തിന്റെ മദ്ധ്യത്തിൽ അവന്റെ മേൽ കൈവയ്ക്കു വാൻ അവർ ധൈര്യപ്പെട്ടില്ല.[5]

ഇപ്പോൾ നാം ചരിത്രത്തിന് പിടികൊടുക്കാത്ത ഒന്നിനെയാണ് കാണു ന്നത്. ശരിയായ സമയത്ത്, ഒരു ശിഷ്യനായിരുന്ന യൂദാ, പന്തിരുവരിൽ ഒരുവനായിരുന്നു, അവന്റെ താമസസ്ഥലം, കൂടെ കൂടെ എവിടെയായിരി ക്കുമെന്ന് അവനറിയാമായിരുന്നു, അങ്ങനെ തന്റെ യജമാനനെ-പണത്തി നുവേി ഒറ്റിക്കൊടുക്കുവാൻ തീരുമാനിച്ചു. അതിന്റെ പിന്നിൽ അവന്റെ അത്യാഗ്രഹമായിരുന്നുവെന്ന് വക്താക്കൾ വ്യക്തമായി പറയുന്നു (മത്തായി 26:14, 15; മർക്കൊസ് 14:10, 11; ലൂക്കൊസ് 22:3-5; *ഒവാ.* യോഹന്നാൻ 12:4-6). കുറ്റമില്ലാതെ സ്നേഹം നല്കിയതായ തന്റെ യജമാനനെ അവൻ വിറ്റത്, മറിയ നന്ദിസൂചകമായി ചിലവഴിച്ചതിനേക്കാൾ മൂന്നിലൊന്ന് കുറവായ മുപ്പ

തുവെള്ളിക്കാശിനാണ്.

**5. ബുധൻ: കൊടുങ്കാറ്റിനു മുൻപുള്ള ശാന്തത**. – ബുധനാഴ്ചയിലെ സംഭവങ്ങളെ രേഖപ്പെടുത്തിയിട്ടില്ല എന്നുതോന്നുന്നു. അതിലെ സംഭവങ്ങളെ നമുക്കു ഊഹിക്കാൻ വിട്ടിരിക്കുന്നു – പട്ടണം മുഴുവൻ കാത്തിരുന്ന, അവൻ എന്തുകൊ് ദേവാലയത്തിലേക്കു വന്നില്ല എന്ന് ആശ്ചര്യപ്പെടുന്നു; അവന്റെ രക്തത്തിനുവേി ദാഹിച്ചിരുന്ന അധികാരികളുടെ, ശബ്ദം കേൾപ്പാൻ ജനങ്ങൾ ആകാംക്ഷാഭരിതരായിരുന്നു. എന്നാൽ അവൻ തന്റെ ജോലി ചെയ്തു. അവൻ ബേഥാന്യയിൽവെച്ച് തന്റെ ശിഷ്യന്മാരോടു രഹസ്യമായി സംസാരിച്ചു; പകൽ അധികവും ശാന്തമായി കടന്നുപോയി, അവസാനരംഗങ്ങൾക്കുവേി പ്രാർത്ഥനയോടെ ഒരുങ്ങി. നമുക്കറിഞ്ഞുകൂടാ. രഹസ്യത്തിന്റെ മൂടുപടം ഇട്ടതായിരുന്നു ആ ദിവസം. "അന്നു രാത്രി ഭൂമിയിലെ അവന്റെ അവസാന നാളായിരുന്നു. വ്യാഴാഴ്ച രാവിലെ വീും ഒരിക്കലും ഉറങ്ങാതിരിപ്പാൻ അവൻ ഉണർന്നു."

**6. വ്യാഴം: അവസാന അത്താഴം** (മത്തായി 26:17–35; യോഹന്നാൻ 13:1–17). – വ്യാഴാഴ്ച ഒരു സമയത്ത് യേശു തന്റെ ശിഷ്യന്മാരിൽ രുപേരെ പെസഹ ഒരുക്കേതിന് നഗരത്തിലേക്ക് അയച്ചു. ആ രാത്രി ഒരിക്കൽ കൂടെ അവൻ പന്തിരുവരോടുകൂടെ പന്തിയിലിരുന്നു; അപ്പോഴും യൂദാ അവിടെ ഉായിരുന്നു – പ്രത്യക്ഷതയിൽ, ഒരു ശിഷ്യനായിരുന്നു; ഹൃദയത്തിലോ, ഒരു ഒറ്റുകാരനും വിശ്വാസഘാതകനുമായിരുന്നു. മുൻനിരയ്ക്കുവേിയുള്ള തർക്കം നടന്ന സ്ഥാനത്ത് അവർ ഇരുന്നപ്പോൾ ആ ചെറിയ കൂട്ടത്തിന്മേൽ ഒരു മേഘം നിഴലിട്ടിരുന്നു. ആ മനോഹരമായ, വിലയേറിയ സന്ദർഭത്തിൽ, അനുകരിക്കാൻ വളരെ പ്രയാസമുള്ള ഘട്ടത്തിൽ, യേശു അവരുടെ ആഗ്രഹത്തെ ശാസിച്ചു. മേശയിൽ നിന്ന് എഴുന്നേറ്റ്, ഒരു സാധാരണ ദാസനെ പോലെ, അവരുടെ കാലുകൾ കഴുകുവാൻ തുടങ്ങി; പിന്നെ പരിഭ്രമത്തിലായ ശിഷ്യന്മാരുടെ നേരെ തിരിഞ്ഞ്, സേവനത്തിന്റെയും താഴ്മയുടെയും പാഠം പഠിപ്പിച്ചു. "നിങ്ങളിൽ ഒരാൾ എന്നെ ഒറ്റിക്കൊടുക്കും,"[6] എന്നു പറയുമ്പോഴും അവിടെ കടുത്ത ഇരുട്ട് നിഴലിച്ചിരുന്നു. യൂദാ പെട്ടെന്ന് പിൻവാങ്ങിയത് – സൗഹാർദ്ദമായ സേവനത്തിന് ആയിരിക്കുമെന്ന്, ശിഷ്യന്മാർ കരുതി; എന്നാൽ അവന്റെ ഇരു പ്രവൃത്തി നടപ്പിലാക്കുവാനാണെന്ന്, യേശു അറിഞ്ഞിരുന്നു. അവനെ എല്ലാവരും പരിത്യജിക്കുമെന്ന് യേശു വെളിപ്പെടുത്തുകയും, പത്രൊസ് ആത്മ-വിശ്വാസത്തോടെ തള്ളിപറയുമെന്നും സൂചിപ്പിച്ചിരുന്നു. പിന്നെ മേഘം നീങ്ങപ്പെടുകയും, യേശു മനോഹരമായ ജ്ഞാപക അത്താഴം സ്ഥാപിക്കയും യോഹന്നാൻ പതിന്നാല്-പതിനാറിൽ രേഖപ്പെടുത്തിയ നിസ്തുലമായ പ്രസംഗം ആരംഭിക്കുകയും ചെയ്തു. അവൻ ആ സംഭാഷണം അവസാനിപ്പിക്കുന്നത് കർത്താവിന്റെ വാസ്തവത്തിലുള്ള പ്രാർത്ഥനയോടുകൂടിയാണ് (യോഹന്നാൻ 17); ഉടനെ ഉാകുവാൻ പോകുന്ന വിസ്തൃതമായ ശിഷ്യന്മാരെ ഉൾപ്പെടുത്തിക്കൊള്ള ആ പ്രാർത്ഥന, അവരുടെ വാക്കുകേട്ട് അവനിൽ വിശ്വസിപ്പാനിരിക്കുന്നവർക്കും, ലോകത്തിനും വേിയായിരുന്നു. അങ്ങനെ, ആ മൃദുലമായ പ്രസംഗവും ലോകത്തെ അടിപ്പിക്കുന്ന പ്രാർത്ഥനയുമായി, പകൽ കഴിഞ്ഞ് അർത്ഥരാത്രിയോടടുത്തിരുന്നു. മുറിയിൽ നിന്ന് പുറത്ത് ചന്ദ്രപ്രകാശത്തിലിറങ്ങി, യേശു നഗരം പിന്നിലാക്കി ശിഷ്യന്മാരോടുകൂടി നടന്ന് ബേഥാന്യയിലേക്ക് പോയി.

**7. ഗദ്ശെമനെ** (മത്താ. 26:36–46). – ഒലിവുമലയുടെ അടുത്ത്, കെദ്രോൻ

മലയിടുക്കിന്റെ കിഴക്കുഭാഗത്തായി, നന്നായി-അറിയ പ്പെടുന്ന തോട്ടമായിരുന്നു (എണ്ണ ആട്ടുന്ന) ഗദ്ശെമനെ. യേശുവിന് ഇഷ്ടപ്പെട്ട ഒരു സങ്കേതമായിരുന്നു അത്. ഒലിവു വൃക്ഷങ്ങളുടെ തണലിൽ കൂടെ നടന്ന്, തിരഞ്ഞെടുക്കപ്പെട്ടവരിൽ മറ്റെല്ലാവരെയും വിട്ടുകൊ്, മൂന്നുപേരോടു ചേർന്ന് പ്രാർത്ഥനക്കായി അവൻ തോട്ടത്തിലേക്കുപോയി. മൂന്നുപേരെ അടുത്തുവിട്ടുകൊ ്, അവൻ കൂടുതൽ തണലുള്ള ഭാഗത്തേക്ക് നുഴഞ്ഞുപോയി, തീവ്രമായ ദുഃഖത്തോടുകൂടി അവൻ മുട്ടുകുത്തി. അവൻ “അധികമായി ആശ്ചര്യപ്പെട്ടു”[7]; “വേദന അസഹ്യമായി”[8]; “വേദന വർദ്ധിച്ചു, മരണത്തോളമായി”[9]; “അവന്റെ വിയർപ്പ് വലിയ രക്തത്തുള്ളികൾ പോലെ ആയി.”[10] കരച്ചിലിന് അധീനമായിക്കൊ് മൂന്നു പ്രാവശ്യം അവന്റെ ചുുകളിൽ നിന്ന്, “പിതാവേ, കഴിയുമെങ്കിൽ, ഈ പാനപാത്രം എങ്കൽ നിന്ന് നീങ്ങിപ്പോകേണമേ; എങ്കിലും, എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം ആകേണമേ.”[11] മൂന്നുപ്രാവശ്യം അവൻ മടങ്ങിവന്നപ്പോഴും അവർ മൂന്നുപേരും ഉറങ്ങുകയായിരുന്നു. എന്താണ് ഇതിനെല്ലാം അർത്ഥം? അവന്റെ മുഖത്തുനിന്ന് വിയർപ്പ് രക്തത്തുള്ളികൾ പോലെ വീഴുവാനും, അവന്റെ ചുുകളിൽ നിന്ന് വേദനയുടെ കരച്ചിൽ വരുവാനുമുള്ള കാരണം ഭൗതികമായ മരണഭീതി ആയിരുന്നോ? പിന്നെ അവൻ സ്പാർട്ടം പടയാളികളെക്കാൾ താഴ്ന്ന നായകനായി, തൂക്കിലേറ്റുന്ന ക്രൂര കുറ്റവാളികളെക്കാൾ ശാരീരികമായ ധൈര്യം കുറവുള്ളവനായി. അവനിലെ തേജസുള്ള മനുഷ്യത്വം ഒടുവിൽ ദയനീയമായി ചുരുങ്ങിയോ? അതെല്ലാമായിരുന്നോ ആ വിദൂര ശ്രേഷ്ഠനായവൻ എന്നതിന്റെ അർത്ഥം? അവനെ ഭൂമിയോളം അടിച്ചുതാഴ്ത്തിയത് ദുഃഖമായിരുന്നില്ലേ - അതായത് ലോകത്തിന്റെ അതിരില്ലാത്ത പാപത്തിന്റെയും ദുഃഖത്തിന്റെയും ഭാരം? തണുത്ത ഊഹാപോഹങ്ങൾക്ക് പറ്റിയ മൃദുല സാഹചര്യമാണ് ആ രംഗം. മുൻപ് അവന്റെ ഉദ്ദേശത്തെ അന്യായമായി ആക്രമിച്ചതിൽ നിന്ന്, നമുക്കറിയാവുന്നത്, അവൻ വിജയിയായി തീർന്നു എന്നതാണ്: “ഭയഭക്തിപൂ അവന്റെ അഭയയാചനക്കു മറുപടി ലഭിച്ചു” (എബ്രാ. 5:7); “സ്വർഗ്ഗത്തിൽ നിന്നൊരു ദൂതൻ പ്രത്യക്ഷനായി അവനെ ശക്തീകരിച്ചു”' (ലൂക്കൊസ് 22:43).

---

കുറിപ്പുകൾ

[1]മർക്കൊസ് 14:6-8. ലൂക്കൊസ് 7-ലേതുമായി ഈ അഭിഷേകം തെറ്റിദ്ധരിക്കരുത്. അത് ആരംഭത്തിലും; ഇത്, യേശുവിന്റെ ശുശ്രൂഷയിൽ പിന്നീടുായതുമാണ്; അത്, പരീശനായ ശീമോന്റെ വീട്ടിലും; ഇത്, കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിലും ആണ്; അത്, അസഹ്യപ്പെടുത്തിയ സ്ത്രീയാലും; ഇത്, ആത്മീയ - സ്വഭാവമുള്ള മറിയയിലും; അതിൽ, സ്ത്രീയുടെ സ്വഭാവത്തെ ശീമോൻ കുറ്റപ്പെടുത്തി; ഇതിൽ, യൂദാ അത് പാഴ്ച്ചെലവായി കുറ്റപ്പെടുത്തി. [2]യോഹന്നാൻ 12:24. [3]ഡീനിന്റെ “കൈപ്പണി.” [4]മത്താ. 23:13, 14, 15, 23, 25, 27, 29. [5]ഡീനിന് “ധൈര്യമുായി.” [6]മത്താ. 26:21; മർക്കൊസ് 14:18; ലൂക്കൊസ് 22:21; യോഹന്നാൻ 13:21. [7]മർക്കൊസ് 14:33; കൂടാതെ നോക്കുക മത്താ. 26:37. [8]മർക്കൊസ് 14:33; കൂടാതെ നോക്കുക മത്താ. 26:37. [9]മത്താ. 26:38; മർക്കൊസ് 14:34. [10]ലൂക്കൊസ് 22:44.

[11]മത്താ. 26:39, 42, 44; കൂടാതെ നോക്കുക മർക്കൊസ് 14:36, 39, 41; ലൂക്കൊസ് 22:42-46.